(ബി) ആകെ അനുവദിച്ച 91 എൻ.ആർ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളിൽ 51 എണ്ണം പ്രവർത്തനം ആരംഭിക്കുകയും, 40 എണ്ണം പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു.

(സി) മലപ്പുറം മണ്ഡലത്തിലെ കോഡൂരിൽ പുതുതായി അനുവദിച്ച ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യം ഒരുക്കിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ എൻ.ആർ.എച്ച്.എം. മെഡിക്കൽ ആഫീസറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ചിറക്കര NRHM ഹോമിയോ ആശുപത്രി

137 (2692) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിലെ ചിറക്കര ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എൻ.ആർ.എച്ച്.എം. ഹോമിയോ ആശുപത്രി സർക്കാർ ആശുപത്രിയായി ഉയർത്തണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ അതിന്മേൽ കൈക്കൊണ്ട നിലപാടുകളും നടപടികളും എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പ്രസ്തുത അപേക്ഷയിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ ഹോമിയോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. NRHM-ന്റെ കീഴിലുള്ള ഹോമിയോ ഡിസ്പെൻസറികളെ സർക്കാർ ഡിസ്പെൻസറികളായി ഉയർത്തുന്ന പദ്ധതികളൊന്നും ഇപ്പോൾ നിലവിലില്ല.

ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളം

138 (2693) പ്രൊഫ സി. രവീന്ദ്രനാഥ് :
ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള നിരവധി ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും മാസങ്ങളായി ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പത്തു ലക്ഷം രൂപ വരുമാനം ലഭിക്കുന്ന ക്ഷേത്രങ്ങൾക്ക് മാനേജ്മെന്റ് ഫണ്ട് അനുവദിക്കാത്തതാണ് ഈ പ്രതിസന്ധിക്ക് കാരണമായിരിക്കുന്നതെന്നതിനാൽ മാനേജ്മെന്റ് ഫണ്ട് അനുവദിക്കുന്നതിനുള്ള വരുമാന പരിധി ഉയർത്താൻ തയ്യാറാകുമോ ;

(സി) ശമ്പള കുടിശ്ശിക ആവശ്യപ്പെട്ട ജീവനക്കാർക്കെതിരെ സ്വീകരിക്കുന്നതായി പറയപ്പെടുന്ന പ്രതികാര നടപടികൾ പിൻവലിക്കാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം, ശമ്പള കുടിശ്ശിക എന്നിവ സംബന്ധിച്ച് പരാതികൾ 2014 ജൂൺ 30-നകം മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് രേഖാമൂലമോ, ഫോൺ മുഖേനയോ അറിയിക്കാവുന്നതാണെന്ന് കാണിച്ച് 19-6-2014-ൽ ബോർഡ് പത്രക്കുറിപ്പ് ഇറക്കിയതിന്റെ അടിസ്ഥാനത്തിൽ 87-ഓളം പരാതികൾ ലഭിച്ചിരുന്നു. 70-ഓളം പരാതികളിൽ പരിഹാരം കണ്ടെത്തിയിട്ടുണ്ട്. മറ്റു പരാതികൾ പരിശോധിച്ച് ശമ്പളവും ശമ്പളകുടിശ്ശികയും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സർക്കാർ ഉത്തരവ് (എം എസ്.) 258/10/ആർഡി. തീയതി 28-2-2009 ഉത്തരവ് പ്രകാരം ക്ഷേത്ര ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബോർഡിൽ നിന്നും ധനസഹായം അനുവദിക്കുവാൻ സർക്കാർ നിശ്ചയിച്ച പ്രതിവർഷ വരുമാന പരിധി 5 ലക്ഷം രൂപയാണ്. മാനേജ്മെന്റ് ഫണ്ടിൽ നിന്നും ശമ്പള ഇനത്തിലെ ധനസഹായം അനുവദിക്കുന്നതിന് 5 ലക്ഷമെന്ന വരുമാന പരിധി അപര്യാപ്തമാണെന്ന് കണ്ടതിനെ തുടർന്ന്, ധനസഹായം അനുവദിക്കുന്നതിനുള്ള വരുമാന പരിധി 10 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന് മലബാർ ദേവസ്വം ബോർഡ് സർക്കാരിന് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവിന് വിധേയമായി 10 ലക്ഷം വരെ വാർഷിക വരുമാനമുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് 50% തുക മാനേജ്മെന്റ് ഫണ്ടിൽ നിന്നും ബോർഡ് അനുവദിച്ചുവരുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly